**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4910** **14-03-2023 - ൽ മറുപടിയ്ക്ക്**

**ബൂസ്റ്റർ പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ്(കെ.എസ്.ടി.പി.) ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയായ സ്ഥലങ്ങളിൽ പഴയ റോഡുകളുടെ ഭാഗമായിരുന്നതും ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഇടങ്ങളിലൂടെ ജലജീവൻ പദ്ധതിയുടെ ലൈൻ കടന്നുപോകുന്നുണ്ടെങ്കിൽ അവിടെ ബൂസ്റ്റർ പമ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ? | (എ) | കെ.എസ്.ടി.പി ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയായ സ്ഥലങ്ങളിൽ പഴയ റോഡുകളുടെ ഭാഗമായിരുന്നതും ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഇടങ്ങളിൽ കെ.എസ്.ടി.പി യിൽ നിന്ന് റോഡ് കൈമാറുന്ന കാലവധിയ്ക്കുള്ളിൽ സ്ഥലം ലഭ്യമാണെങ്കിൽ ജലജീവൻ പദ്ധതിയുടെ ലൈൻ കടന്ന് പോകുന്നതിന് അനുമതി നൽകാവുന്നതാണ്.<br><br>എന്നാൽ കെ.എസ്.ടി.പി നിർമ്മാണവും ബാധ്യതാകാലാവധിയും പൂർത്തിയാക്കി നിരത്ത് വിഭാഗത്തിന് കൈമാറുന്ന റോഡുകളിൽ പഴയ റോഡുകളുടെ ഭാഗമായിരുന്നതും ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഇടങ്ങളിലൂടെ ജലജീവൻ പദ്ധതിയുടെ ലൈൻ കടന്നുപോകുന്നുണ്ടെങ്കിൽ അവിടെ ബൂസ്റ്റർ പമ്പ് സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ